LIBRARY ARCHIVES Kerala Legislative Assembly

ഉടുമ്പൻചോല മണ്ഡലത്തിലെ ചെമ്മണ്ണാർ പാലത്തിന്റെ നിർമ്മാണം

157 [2228] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജാക്കാട്-ചക്കളാത്തിവേട് റോഡിലെ ചെമ്മണ്ണാർ പാലത്തിന്റെ നിർമ്മാണം ടെണ്ടർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കാണ്;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെമ്മണ്ണാർ പാലത്തിന്റെ പണി ടെണ്ടർ ചെയ്തു കരാർ ഉറപ്പിച്ചിട്ടുണ്ട്. 32.42 ലക്ഷം രൂപ.

(ബി) കരാർപ്രകാരം പണി പൂർത്തിയാക്കേണ്ട തീയതി 30-9-2005 ആണ്. പണി പുരോഗമിച്ചുവരികയാണ്.

ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ മുറിയങ്കണ്ണി പാലത്തിന്റെ നിർമ്മാണം

158 [2229] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ മുറിയങ്കണ്ണി പാലത്തിന്റെ നിർമ്മാണ പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള എല്ലാ ബഡ്ജറ്റിലും പ്രസ്തുത പാലത്തിന് പ്രൊവിഷൻ ഉണ്ടായിട്ടും ഇതേവരെ പാലത്തിന്റെ പണി തുടങ്ങാത്തതിന്റെ കാരണം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പാലത്തിന്റെ പണി എത്രയും പെട്ടെന്ന് തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 20-11-2004-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) നടപടിക്രമങ്ങൾ പൂർത്തിയാകാത്തതുകൊണ്ടാണ് പണി തുടങ്ങുവാൻ സാധിക്കാത്തത്.

(സി) സ്വീകരിച്ചുവരുന്നു.